# എന്റെ പൂച്ചക്കുട്ടി



കൃഷ്ണ

# കൃഷ്ണ

ആദ്യത്തെ കഥയാണ് "എന്റെ പൂച്ചക്കുട്ടി. ചേവരമ്പലം സെന്റ്മേരീസ് വിദ്യാലയത്തിലെ ~~മൂന്നാം~~ നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ്. നൃത്തവും ചിത്ര രചനയുമാണ് ഇഷ്ടമുള്ള മറ്റ് മേഖലകൾ. പുതിയറ ഹിന്ദുസ്ഥാൻ കളരിയിൽ ശത്രുഘ്നൻ ഗുരുക്കളുടെ കീഴിൽ കളരിയും, മാങ്കാവ് രാഗേഷ് മാഷിന്റെ കീഴിൽ ശാസ്ത്രീയ നൃത്തവും അഭ്യസിക്കുന്നു.

സാഹിത്യ ലോകത്തിലേക്കുള്ള ഈ കൊച്ചു കാൽവെയ്പ്പിന് എല്ലാവരുടെയും അനുഗ്രഹാശിസ്സുകൾ ഉണ്ടാവണമെന്നഭ്യർത്ഥിക്കുന്നു.

അച്ഛൻ : കിഷോർ കുമാർ

അമ്മ : സന്ധ്യ കിഷോർ

കൃഷ്ണ
എളയച്ചേടത്ത്
പുതിയറ, കോഴിക്കോട്-673 004
9446835724

# മുഖമൊഴി

മലയാള സാഹിത്യത്തിന്റെ ശ്രീകോവിലിലേയ്ക്ക് പിച്ചവെയ്ക്കാൻ തുടങ്ങുന്ന കൃഷ്ണ എന്ന കൊച്ചുപ്രതിഭയുടെ ആദ്യ രചനയാണ് 'എന്റെ പൂച്ചക്കുട്ടി' അദ്ധ്യായങ്ങളായി തിരിച്ച് എഴുതപ്പെട്ടിട്ടുള്ള ഈ കഥയ്ക്ക് ഒരു നോവലിന്റെ സാങ്കേതികത്വമാണുള്ളത്. തന്റെ ജീവിത പരിസരത്തുനിന്ന് കണ്ടെടുത്തിട്ടുള്ള പൂച്ച എന്ന കഥാപാത്രത്തെ ഹൃദയസ്പർശിയായി കഥാകാരി അവതരിപ്പിയ്ക്കുന്നു. ഈ പുസ്തകം ഒരാവർത്തി വായിക്കുന്ന ആരേയും അത്ഭുതപ്പെടുത്തുക ലളിതവും സരളവുമായ ഇതിന്റെ അവതരണ രീതിയാണ്. വിരലുകൾക്കിടയിൽ പേനപിടിയ്ക്കാൻ പോലും വളർന്നിട്ടില്ലാത്ത എട്ടുവയസ്സുകാരിയായ ഒരു മൂന്നാം ക്ലാസ്സുകാരിയിൽ നിന്ന് ഇങ്ങിനെയൊരു സൃഷ്ടി ഉണ്ടായി എന്നത് ചെറിയ കാര്യമല്ല. മലയാളത്തിന്റെ സർഗ്ഗാത്മക മേഖലയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകാൻ കഴിവുള്ള സുശോഭനമായ ഒരു ഭാവി ഇതിനുപിന്നിലുണ്ട്.

സഹൃദയരായ വായനക്കാരും കഥയെ സ്നേഹിക്കുന്നവരും, അഭിമാനത്തോടെയും സന്തോഷത്തോടെയും കൃഷ്ണയുടെ 'പൂച്ചക്കുട്ടിയെ' നെഞ്ചേറ്റുമെന്ന കാര്യത്തിൽ എനിയ്ക്ക് സംശയമില്ല

പ്രതിഭാധനയായ ഈ കൊച്ചു കഥാകാരിയിൽ നിന്നും ഇനിയുമിനിയും ഇതുപോലെയുള്ള നല്ല നല്ല സൃഷ്ടികൾ ഉണ്ടാവട്ടെ എന്നാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്...

**പൂനൂർ കെ. കരുണാകരൻ**

ശ്രീവദം
കുതിരവട്ടം
കോഴിക്കോട്-673 016
949613431

# പതുങ്ങി വന്നു

എനിക്കൊരു പൂച്ചയുണ്ട്. അതിന്റെ പേരാണ് ഹോളി. വെള്ളയും കറുപ്പും നിറമാണവൾക്ക് അവളുടെ ഭർത്താവായ ബെന്നും അവളെപ്പോലെ വെളുപ്പും കറുപ്പും നിറമാണ്. പക്ഷേ ബെന്നിന് വാലിലും മുഖത്തിന്റെ ഒരു ചെറിയ ഭാഗത്തും മാത്രമേ കറുപ്പുള്ളൂ... ഒരു ദിവസം അവർക്ക് നാല് കുട്ടികളുണ്ടായി. ഞാൻ അവരെ കാണാൻ കുറച്ചു വൈകിപ്പോയി. ഞങ്ങളുടെ വീട്ടിനടുത്തുള്ള മോഹനേട്ടന്റെ ടെറസിൽ അവരു കളിക്കുമ്പോഴാണ് ഞാൻ കണ്ടത്. അപ്പോഴേക്കും പൂച്ചക്കുട്ടികൾ കുറച്ചുവലുതായിരുന്നു.

ഞാൻ സ്കൂൾ വിട്ടു വന്നാൽ അവരെ നോക്കും. ഒരു ദിവസം അവിടെ അവരെ കാണാതെയായി അന്ന് എനിക്ക് കുറേ സങ്കടായി.

ഒരു ഞായറാഴ്ച എന്റെ അമ്മ ഹോളിക്ക് മീൻ ഇട്ടു കൊടുക്കുമ്പോൾ അവൾ ഒരു പ്രത്യേക ശബ്ദത്തിൽ കരഞ്ഞു. അപ്പോൾ എന്റെ അച്ഛച്ചൻ കൂട്ടിവെച്ച വിറകിനുള്ളിൽ നിന്നും പതുങ്ങി പതുങ്ങി ഒരു പൂച്ചകുട്ടി പേടിച്ച് പേടിച്ച് വരുന്നത് കണ്ടു.

ഹോളി ആ പൂച്ചക്കുട്ടിയെ ഞങ്ങളുടെ ടെറസിലേക്ക് കൊണ്ടുവന്നു. അവൾ അച്ഛൻപൂച്ച ബെന്നിനെപോലെ തന്നെയായിരുന്നു. അവൾ ടെറസിന് മുകളിൽ താമസമായതോടെ ഞാനവൾക്ക് "ഹോപ്പി" എന്ന് പേരിട്ടു. കുഞ്ഞി കണ്ണുകളും കുസൃതിയും നിറഞ്ഞ ഹോപ്പി പിന്നെ എന്റെ പ്രിയപ്പെട്ട പൂച്ചക്കുട്ടിയായി.





# കളിപ്പാട്ടം

ഹോപ്പിയെ ഇഷ്ടപ്പെട്ടു തുടങ്ങിയപ്പോൾ അവൾക്ക് ഞാനൊരു കളിപ്പാട്ടം ഉണ്ടാക്കി കൊടുത്തു. ജെംസിന്റെ കൂടെ കിട്ടിയ ചെറിയ "പാണ്ട"യും നീളമുള്ള കട്ടിയുള്ള നൂലും വടിക്കഷ്ണവും കൊണ്ടാണ് ഞാനവൾക്ക് കളിപ്പാട്ടം ഉണ്ടാക്കിയത്. വടിക്കഷ്ണത്തിന്റെ ഒരറ്റത്ത് നീണ്ട നൂല് കെട്ടിയിട്ട് ആ നൂലിന്റെ തുമ്പത്ത് പാണ്ടയെ കെട്ടി. അങ്ങനെഞാനവൾക്ക് കളിപ്പാട്ടം ഉണ്ടാക്കി.

വടിയുടെ നൂല് കെട്ടാത്ത അറ്റത്ത് പിടിച്ച് ഇളക്കുമ്പോൾ പാണ്ട തറയിൽ മുട്ടും, ആ ശബ്ദം കേൾക്കുമ്പോൾ ഹോപ്പി പാണ്ടയെ പിടിക്കാൻ നോക്കും.




## പിന്നെയും വന്നൂ

ഒരു ദിവസം എനിക്ക് സ്കൂൾ ഇല്ല്യായിരുന്നു. അന്ന് രാവിലെ ഞാനും അമ്മയും മുകളിലെ മുറിയിൽ നിന്ന് ഹോപ്പിയെ പറ്റി സംസാരിക്കായിരുന്നു... എവിടെ നിന്നോ ഒരു ങ്യാവൂ... ങ്യാവൂ.. ശബ്ദം ഞങ്ങൾ ശരിയ്ക്കും ഞെട്ടിപ്പോയി. അവളതാ തുറന്നു കിടക്കുന്ന ജനലിലൂടെ അകത്തേക്ക് കയറി വരുന്നു. അമ്മ എങ്ങനൊക്കെയോ അവളെ പുറത്തേക്ക് വിട്ടു.

പിന്നെ... പിന്നെ അവൾ വീട്ടിനുള്ളിലേക്ക് കയറാൻ ശ്രമം തുടങ്ങി. എനിക്ക് അവൾ വീട്ടിനുള്ളിലുള്ളത് ഇഷ്ടായിരുന്നു. പക്ഷേ അച്ഛനും അമ്മയും അവളുടെ രോമം ആവുമെന്നും, അകത്ത് കയറ്റണ്ടാന്നും പറഞ്ഞു.

ഒരിക്കൽ ഞാൻ ടെറസിലേക്കുള്ള വാതിൽ തുറന്നപ്പോൾ ഹോപ്പി മുറിയിലേക്ക് പിന്നെയും വന്നു...





## ആദ്യമായ്

അന്ന് കുറെ നേരം ഞാൻ ഉറങ്ങി. സ്കൂളില്ലാത്ത ദിവസങ്ങളിൽ നേരം വൈകിയാണ് ഉണരാറ്. ഉണർന്നയുടൻ ഹോപ്പിയെ ഓർമ്മ വന്നു. പത്രം വായിക്കുന്ന അച്ഛനെ നിർബന്ധിച്ച് ഞാൻ ടെറസിലേക്ക് കൊണ്ടുപോയി.

ഞങ്ങൾ വാതിൽ തുറന്നപ്പോൾ ഹോപ്പി അവിടെ ഇല്ല്യായിരുന്നു. ഹോപ്പീ... ഹോപ്പീന്ന് ഉറക്കെ വിളിച്ചപ്പോൾ പെട്ടെന്നു തന്നെ മോഹനേട്ടന്റെ മതിലും ചാടിക്കടന്ന് ഞങ്ങളുടെയടുത്തേക്ക് അവൾ ഓടി വന്നു.

ആദ്യം എനിക്ക് അവളെ തൊടാൻ പേടിയായിരുന്നു. അച്ഛൻ ഹോപ്പിയെ തൊട്ട് കളിപ്പിച്ചപ്പോൾ എനിക്കും തൊടാൻ തോന്നി... അച്ഛൻ പറഞ്ഞു "പേടിക്കാതെ തൊട് വാവേന്ന്" അങ്ങനെഅന്നാദ്യമായി ഞാൻ അവളുടെ കറുത്ത ആ കുഞ്ഞി വാല് തൊട്ടു... ഒരു പൂച്ച കുട്ടീനെ ഞാൻ തൊട്ടത് അന്നാണ്... ആദ്യമായ്.



# വീട്

മഴയും,കാറ്റുമുള്ള ഒരു വൈകുന്നേരം ഞാനും അച്ഛനും, അച്ഛമ്മയും ടെറസിലേക്കുള്ള വാതിൽ തുറന്നപ്പോൾ കണ്ടത് മഴയത്ത് നനഞ്ഞു നിന്ന ഹോപ്പിയേയാണ്... അപ്പോൾ വിചാരിച്ചതാ അവൾക്കൊരു വീടുണ്ടാക്കി കൊടുക്കണമെന്ന്.

ഒരു വലിയ കാർഡ് പെട്ടികൊണ്ട് വീടുണ്ടാക്കാമെന്ന് ഞാൻ വിചാരിച്ചു. അച്ഛനും ഞാനും കൂടെ അങ്ങനെആ പെട്ടി കൊണ്ട് ഹോപ്പിക്കൊരു വീടുണ്ടാക്കി...

അവൾക്ക് സുഖമായി കിടക്കാൻവേണ്ടി ഒരു നല്ല ചുവന്ന തുണി വിരിച്ചു കൊടുത്തു... ആദ്യമൊക്കെ ആ വീട്ടിലേക്ക് പോവാൻ ഹോപ്പിക്ക് പേട്യായിരുന്നു. മെല്ലെ.. മെല്ലെ.. ആ വീട് ഇഷ്ടമായി. മഴയും കാറ്റുമുള്ള ദിവസങ്ങളിൽ ആ വീട്ടിനുള്ളിൽ ഹോപ്പി പതുങ്ങിയിരിക്കും. അങ്ങനെആ വീട് അവൾക്കിഷ്ടമായി.





# കുസൃതി പൂച്ചക്കുട്ടി

എന്നെ പരിചായ് തുടങ്ങിയപ്പോൾ അവൾക്കിത്തിരി കുസൃതി കൂടിയത് പോലെ. എന്റെ അമ്മ ട്യൂഷനെടുക്കുമ്പോൾ അവൾ ക്ലാസ്സിലേക്ക് ഒളിച്ച് നോക്കും. കുട്ടികൾ അവളെ കണ്ട് ചിരിക്കും. ചിലപ്പോഴൊക്കെ ക്ലാസ്സിലേക്ക് കയറി വന്ന് കുസൃതി കാട്ടും. അപ്പോൾ ക്ലാസ്സ് ഒരു കല പിലയാക്കും.

പുറത്തഴിച്ചു വെച്ച ചെരുപ്പുകൾ മാന്തിപ്പറിക്കും.. ഞാൻ പാവാടയിടുമ്പോൾ അവൾ പാവാടയിൽ പിടിച്ച് കയറാൻ നോക്കും. അമ്മ മീൻ മുറിക്കുമ്പോൾ അടുക്കളയിലേക്ക് മണം പിടിച്ച് ഓടിക്കയറും. ഹോപ്പിക്കും അവളുടെ അമ്മയ്ക്കും ചോറും, മീനും ഇട്ട് കൊടുത്താൽ അവൾ മീനെല്ലാം തിന്ന് ചോറ് മാത്രം. അമ്മ പൂച്ചക്ക് കൊടുക്കും. ഇങ്ങനെകുസൃതികൾ കാട്ടി.. കാട്ടി.. പൂച്ചയെ ഇഷ്ടമില്ലാതിരുന്ന അച്ഛച്ചനും, അമ്മയും, അച്ഛനും അച്ഛമ്മയും അവളെ ഇഷ്ടപ്പെട്ടു തുടങ്ങി..





# കാണാതാവുന്നു

അന്ന്... സ്കൂൾ വിട്ട് വന്നപ്പോൾ ഞാൻ ഹോപ്പിയെ കുറെ വിളിച്ചു. ടെറസിലും, അവളുടെ വീട്ടിലും... എല്ലായിടത്തും ഹോപ്പിയെ തിരഞ്ഞു.. പക്ഷേ അവളെ കണ്ടില്ല..

എനിക്ക് സങ്കടായ്. അച്ഛനും അമ്മയും പറഞ്ഞു "അവൾ ഭക്ഷണം തേടിപ്പോയതായിരിക്കും... കുറെ ദിവസം കഴിഞ്ഞാവരും"

എനിക്കന്ന് കളിക്കാനേതോന്നിയില്ല. അവളുടെ കളിപ്പാട്ടവും, വീടും, ഭക്ഷണം കൊടുക്കുന്ന പാത്രവുമൊക്കെ കണ്ടിട്ട് കരച്ചിൽ വന്നു... ഇപ്പോഴും ടെറസിലെ പഴയ കസേരയിൽ ഹോപ്പിയുടെ കുഞ്ഞി രോമങ്ങളുണ്ട്.. ഇടയ്ക്ക് അവൾ ഉറങ്ങുന്ന ആ പഴയ കസേരയിൽ...

ചിലപ്പോൾ എവിടെ നിന്നോ ഞ്യാവു.. ഞ്യാവു.. കേൾക്കുമ്പോൾ ഞാൻ ഓടിപ്പോയി നോക്കും... പക്ഷേ അതെന്റെ ഹോപ്പി ആയിരിന്നില്ല.. അമ്മ പൂച്ചയോ വേറെ പൂച്ചയോ ആവും...





# പ്രാർത്ഥന

കുറേ മാസങ്ങൾക്കു ശേഷം അമ്മ എന്നോട് പറഞ്ഞു.. ഹോപ്പിയെ കാണാതായതെങ്ങനെയെന്ന്.

അന്ന് അമ്മ മീൻ മുറിക്കുമ്പോൾ ഹോപ്പിക്ക് ഒരു അയലതല ഇട്ട് കൊടുത്തു. അവൾ തിന്നാൻ തുടങ്ങിയപ്പോൾ അമ്മ വാതിൽ അടച്ചു. എന്തോ ശബ്ദം കേട്ട് വാതിൽ തുറന്നപ്പോൾ കണ്ടത് രണ്ടു നായ്ക്കൾ അവളെ കടിച്ച് കൊണ്ടുപോവുന്നതാണ്... അമ്മയും അച്ഛമ്മയും ഓടി നോക്കുമ്പോഴേക്കും എന്റെ ഹോപ്പിയെയും കടിച്ച്കൊണ്ട് ആ ദുഷ്ടൻ നായ്ക്കൾ എവിടെയോ ഓടിപ്പോയിരുന്നു... അന്ന് ഇതൊക്കെ അമ്മ എന്നോട് പറയാതിരുന്നത് എനിക്ക് സങ്കടാവുംന്ന് വിചാരിച്ചായിരുന്നു...



ഹോപ്പി ആ നായ്ക്കളുടെ അടുത്തുനിന്നും രക്ഷപ്പെട്ടിട്ടുണ്ടാവും എവിടെയെങ്കിലും അവൾ ജീവിക്കുന്നുണ്ടാവും.. ഇന്നും എന്റെ പ്രാർത്ഥനയിൽ അവളുണ്ട് എന്റെ പൂച്ചക്കുട്ടി....

# എന്റെ പൂച്ചക്കുട്ടി



കൃഷ്ണ

പുസ്തകങ്ങളെ ഇന്നത്തെ കുഞ്ഞുങ്ങൾക്ക് ഇഷ്ടപ്പെടാൻ കഥകൾ പറഞ്ഞ് കൊടുക്കാൻ നമുക്കാവണം. കാർട്ടൂണുകളുടെയും, വീഡിയോ ഗെയിമുകളുടെയും ലോകത്തുനിന്നും വായനയുടെ കൗതുകങ്ങളിലേക്ക് എത്തിയപ്പോൾ ഒരു കൊച്ചു കഥാകാരിയായി മാറിയ കൃഷ്ണയുടെ ഒരു കുഞ്ഞു കഥ.